(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ)&(ബി)കശുമാവ്കൃഷി വികസനത്തിനായി സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതിയും നിലവിലുണ്ട്. ഈ വർഷം 85.94 ലക്ഷം രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതിയും 405 ലക്ഷം രൂപയുടെ സംസ്ഥാനതല പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ച കശുമാവ് കൃഷിയുടെ വിവരം താഴെ ചേർക്കുന്നു.

വർഷം	വിസ്തൃതി (ഏക്കർ)
1996-97	9812.5
1997-98	4125.0
1998-99	4000.0
1999-2000	4675.0

111 (402) ചീമേനി കശുമാവിൻതോട്ടം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീമേനി കശുമാവിൻതോട്ടം സ്ഥിതിചെയ്യുന്ന സ്ഥലം ജയിൽ സ്ഥാപിക്കുന്നതിന് വിട്ടുകൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് വിട്ടുകൊടുക്കാൻ തീരുമാനിച്ചത്;

(സി) ഇങ്ങനെ വിട്ടുകൊടുക്കുമ്പോൾ കശുമാവിൻതോട്ടത്തിലെ തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ജോലി സംരക്ഷിക്കാൻ എന്ത് നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുറച്ചുഭാഗം വിട്ടുകൊടുക്കേണ്ടിവന്നിട്ടുണ്ട്.

(ബി) 308.75 ഏക്കർ.

(സി)&(ഡി) പരിശോധിച്ചുവരുന്നു.

112 (403) കൃഷിനാശം സംഭവിച്ചവർക്ക് സഹായധനം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ പല സ്ഥലത്തും ഊർങ്ങാട്ടിരി പഞ്ചായത്ത് അതിർത്തിയിലും ഈയിടെ ഉണ്ടായ കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ചവർക്ക് എന്തെങ്കിലും സഹായധനം അനുവദിച്ചിട്ടുണ്ടോ;

(ബി) കൃഷി നശിച്ചവർക്ക് ധനസഹായം അനുവദിക്കണമെന്ന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച 354 കർഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്ക്, മലപ്പുറം ബ്ലോക്ക് എന്നിവിടങ്ങളിൽപ്പെട്ട പഞ്ചായത്തുകളിലെ കൃഷിനാശം സംഭവിച്ച കർഷകർക്ക് ആകെ 7,09,351/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

113 (404) രാസവളങ്ങൾക്ക് നൽകിവരുന്ന കേന്ദ്ര സബ്സിഡി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവളങ്ങൾക്ക് സബ്സിഡി നൽകുവാൻ കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തിന് ഈ സാമ്പത്തിക വർഷത്തിൽ ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്; കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയ ധനസഹായം എത്രയായിരുന്നു;

(ബി) സബ്സിഡിയുടെ വിനിയോഗത്തെക്കുറിച്ച് ആശയവിനിമയം നടത്തുവാൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ യോഗം നടന്നിട്ടുണ്ടോ;

(സി) ഏതൊക്കെ രാസവളങ്ങൾക്കാണ് സബ്സിഡി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) രാസവളം, കീടനാശിനി വിലവർദ്ധനവും വൈദ്യുതി നിരക്കിന്റെ വർദ്ധനവും കൃഷിക്കുള്ള സബ്സിഡി എടുത്തുകളയലും സർക്കാരിന്റെ കാർഷികനയം നടപ്പിലാക്കുന്നതിനെ ഏതുവിധത്തിൽ ബാധിക്കും എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) രാസവളത്തിനുണ്ടായ വില വർദ്ധനമൂലം കർഷകർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ജൈവവള നിർമ്മാണത്തിനാവശ്യമായ പച്ചില കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) കാർഷിക രംഗത്ത് ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കർഷകരെ ബോധവൽക്കരിക്കുന്നതിനായി പ്രചരണ പരിപാടികൾ നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിതരണം നടത്തുന്ന രാസവളങ്ങൾക്കുള്ള സബ്സിഡി സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ അതാത് രാസവള കമ്പനികൾക്ക് നേരിട്ടാണ് നൽകുന്നത്. ഈ സാമ്പത്തികവർഷം ഇതുവരെ 14.84 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. 1998-99 സാമ്പത്തിക വർഷത്തിൽ ഏകദേശം 69 കോടി രൂപ രാസവള കമ്പനികൾക്ക് സബ്സിഡിയായി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്.

(ബി) രാസവളത്തിന്റെ വിനിയോഗത്തെക്കുറിച്ചും ലഭ്യത, സബ്സിഡി മുതലായവയെക്കുറിച്ചും അവലോകനം നടത്തുന്നതിനായി എല്ലാ വർഷവും കേന്ദ്ര സർക്കാരിന്റെ നേതൃത്വത്തിൽ രണ്ടു പ്രാവശ്യം (താരീഫ്/റാ സീസണിൽ) എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെയും യോഗം നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly